തലത്തിൽ ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികൾക്കും ആവശ്യമായ ഓഫീസ് സ്ഥലവും ഷോറൂമുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നത് കൂടാതെ പരിസ്ഥിതി പ്രശ്നങ്ങൾ, പരിസര മലിനീകരണം എന്നിവയെക്കുറിച്ച് ബോധവൽക്കരണ സെമിനാറുകൾ, എക്സിബിഷനുകൾ സംഘടിപ്പിക്കുക ഇവയാണ് ഹാബിറ്റാറ്റ് സെന്റർ നടപ്പിലാക്കുന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സെന്ററിന്റെ നിർമ്മാണം സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഒന്നായിരിക്കും.

കേരള വാണിജ്യ മിഷൻ

124 (5829) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ആസൂത്രിത വികസനത്തിനായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിരിക്കുന്നത് ;

(ബി) ഇതിനായി കേരള വാണിജ്യ മിഷൻ എന്ന പേരിൽ പുതിയ സംരംഭത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത് എന്നു മുതൽ ആരംഭിക്കും ;

(സി) ഈ മിഷനിലൂടെ വാണിജ്യ വികസനത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാമെന്നാണ് കരുതുന്നത് ;

(ഡി) സംസ്ഥാനത്തെ വാണിജ്യ സംരംഭകത്വ പരിശീലനത്തിനും മാനേജ്മെന്റ് പഠനത്തിനുമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ;

(ഇ) സംസ്ഥാന സർക്കാരിന് പുറമേ ഏതൊക്കെ വ്യവസായ വാണിജ്യ സംഘടനകളുടെ പങ്കാളിത്തമാണ് ഈ സംരംഭത്തിന് ലഭ്യമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചെക്ക്പോസ്റ്റിലെ അഴിമതി തടയുന്നതിനും വ്യാപാര മേഖലയുടെ സൗകര്യത്തിനുമായി 'അഴിമതിരഹിത വാളയാർ' പദ്ധതി നടപ്പിലാക്കി. ഈ പദ്ധതി മഞ്ചേശ്വരത്തേക്കും അമരവിളയിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. 2004-05 വരെയുള്ള വർഷത്തെ നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി ആംനസ്റ്റി സ്കീം നടപ്പിലാക്കി. നികുതി അടയ്ക്കുന്നതിന്റെ സൗകര്യത്തിനായി ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് എന്നിവ നടപ്പിലാക്കി. ചെക്ക്പോസ്റ്റുകളിലെ കാത്തുകിടപ്പ് ഒഴിവാക്കാനായി ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തി. സി-ഫോം ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തി. വ്യാപാര പ്രോത്സാഹനത്തിനായി ട്രേഡ് അവാർഡുകൾ ഏർപ്പെടുത്തി. വ്യാപാരികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നമനത്തിനായി കേരള വ്യാപാരിക്ഷേമ ബോർഡിലെ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി. ഇതിനുപുറമേ വ്യവസായ, വിനോദസഞ്ചാര വകുപ്പുകളുടെ സഹകരണത്തോടെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും നടത്തിവരുന്നു.

(ബി- ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഖജനാവിന് നഷ്ടം ഉണ്ടാക്കിയ കേസുകൾ

125 (5830) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വയംഭരണ സ്ഥാപനങ്ങളിലും വകുപ്പുതല സ്ഥാപനങ്ങളിലും ഉണ്ടായിട്ടുള്ള ധനദുർവിനിയോഗവും മോഷണവുംമൂലം ഖജനാവിന് നഷ്ടമുണ്ടാക്കിയ എത്ര കേസ്സുകൾ 2008-09 കാലയളവിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള വീഴ്ചകളെ സംബന്ധിച്ച് പരിശോധിച്ച ഏതെങ്കിലും ഏജൻസി ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ നൽകുന്നതിൽ കുറ്റകരമായ കാലതാമസം ഉണ്ടാക്കുന്നതായ സംഗതി സർക്കാർ നിരീക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം കാലതാമസം വരുത്തുന്നത് എന്തുകൊണ്ടാണ് ; ആയതിന്മേൽ എന്ത് ശിക്ഷണ നടപടികളാണ് സ്വീകരിച്ചത് ;

(ഡി) ധനദുർവിനിയോഗവും മോഷണവുംമൂലം ഖജനാവിന് നഷ്ടം വരുത്തി വയ്ക്കുന്ന ഇത്തരം കേസ്സുകളിൽ വകുപ്പുതല അന്വേഷണങ്ങൾ ത്വരിതപ്പെടുത്താനും വീഴ്ച വരുത്തിയവരെ മാതൃകാപരമായി ശിക്ഷിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഖജനാവിന് നഷ്ടമുണ്ടാക്കിയ 110 കേസുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം വീഴ്ചകളെ സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗമാണ് അന്വേഷണം നടത്തിയിട്ടുള്ളത്. റിപ്പോർട്ട് തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(സി) സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുന്നുണ്ടോ എന്ന് അതാത് ഭരണ വകുപ്പുകൾ നിരീക്ഷിക്കുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly